# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 ജൂലൈ 19**

---

### ബി.എഡ് പ്രവേശനം; ഒന്നാം പ്രത്യേക അലോട്ട്മെൻറിന് രജിസ്റ്റർ ചെയ്യാം

മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിലെ ബി.എഡ് കോഴ്സുകളിലേക്കുള്ള ഏകജാലക പ്രവേശനത്തിൽ പട്ടിക ജാതി, പട്ടികവർഗ വിഭാഗക്കാർക്കായി സംവരണം ചെയ്ത സീറ്റുകളിലെ ഒഴിവുകളിലേക്കുള്ള ഒന്നാം പ്രത്യേക അലോട്മെൻറിന് നാളെ(ജൂലൈ 21) വൈകുന്നേരം നാലു വരെ ഓൺലൈൻ രജിസ്ട്രേഷൻ/ഓപ്ഷൻ രജിസ്ട്രേഷൻ നടത്താം.

പ്രത്യേക അലോട്ട്മെൻറിൽ ഇതു വരെ ഓൺലൈൻ രജിസ്ട്രേഷൻ നടത്താത്തവർക്കും പ്രവേശനം ലഭിക്കാത്തവർക്കും പ്രവേശനം ലഭിച്ചതിനു ശേഷം നിരസിക്കപ്പെട്ടവർക്കും നിശ്ചിത സമയത്ത് പ്രവേശനം നേടാൻ സാധിക്കാത്തവർക്കുമാണ് അവസരം.

ഓൺലൈൻ അപേക്ഷയിൽ അപേക്ഷകൻ വരുത്തിയ പിശകു മൂലം അലോട്ട്മെൻറിന് പരിഗണിക്കപ്പെടാത്തവർക്കും അലോട്ട്മെൻറിലൂടെ ലഭിച്ച പ്രവേശനം റദ്ദാക്കിയവർക്കും പ്രത്യേകമായി ഫീസ് അടയ്കാതെ നിലവിലുള്ള ആപ്ലിക്കേഷൻ നമ്പരും പാസ്‌വേഡും ഉപയോഗിച്ച് ക്യാപ്പ് വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് ഓപ്ഷനുകൾ പുതിയതായി നൽകാം.

പ്രത്യേക അലോട്ട്മെൻറിൽ പങ്കെടുക്കുന്നവർ നിർബന്ധമായും പുതിയ ഓപ് ഷനുകൾ രജിസ്റ്റർ ചെയ്യണം. നേരത്തേ നൽകിയ അപേക്ഷയിൽ പിശകുകളുണ്ടെങ്കിൽ തിരുത്തുകയും പുതിയ ഓപ്ഷനുകൾ നൽകുകയും ചെയ്യാം.

സ്ഥിര പ്രവേശം എടുത്തവർ പ്രത്യേക അലോട്ട്മെൻറിൽ അപേക്ഷിക്കുകയും അലോട്ട്മെൻറ് ലഭിക്കുകയും ചെയ്താൽ പുതിയതായി ലഭിക്കുന്ന അലോട്ട്മെൻറിൽ പ്രവേശനം നേടണം. ഇവരുടെ മുൻ പ്രവേശനം റദ്ദാക്കപ്പെടും. ഒരു തവണ ക്യാപ്പിലൂടെ അപേക്ഷാ ഫീസ് അടച്ചവർക്ക് വീണ്ടും ഫീസ് അടയ്ക്കാതെ പ്രത്യേക അലോട്ട്മെൻറിൽ പങ്കെടുക്കാം.

പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങളിൽ പെട്ടവർക്കു മാത്രമായുള്ള പ്രത്യേക അലോട്ട്മെൻറിൽ മറ്റു വിഭാഗങ്ങളിൽപെട്ടവർക്ക് അപേക്ഷിക്കാൻ കഴിയില്ല.

(പി.ആർ.ഒ/39/835/2023)

### ബിരുദ ഏകജാലകം; രണ്ടാം പ്രത്യേക അലോട്ട്മെൻറായി

എം.ജി സർവകലാശാലയുടെ ബിരുദ ഏകജാലക പ്രവേശനത്തിൽ പട്ടികജാതി, പട്ടിക വർഗ വിഭാഗക്കാർക്കായുള്ള രണ്ടാം പ്രത്യേക അലോട്ട്മെൻറ് പ്രസിദ്ധീകരിച്ചു. അലോട്ട്മെൻറ് ലഭിച്ചവർ നാളെ(ജൂലൈ 21) വൈകുന്നേരം നാലിനു മുൻപ് കോളജുകളിൽ നേരിട്ട് ഹാജരായി സ്ഥിരപ്രവേശനം എടുക്കണം.

ഈ സമയപരിധിക്കുള്ളിൽ പ്രവേശനം നേടാത്തവരുടെ അലോട്ട്മെൻറ് റദ്ദാകും.

(പി.ആർ.ഒ/39/836/2023)

## സ്പെഷ്യൽ ടീച്ചർ; വാക്ക്-ഇൻ ഇൻർവ്യൂ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ സ്പെഷ്യൽ ടീച്ചർ തസ്തികയിൽ 179 ദിവസത്തേക്ക് താൽക്കാലിക നിയമനത്തിന് വൈസ് ചാൻസലറുടെ ചേമ്പറിൽ നാളെ(ജൂലൈ 21) രാവിലെ 10.30ന് വാക്ക്-ഇൻ ഇൻറർവ്യു നടത്തും.

1050 രൂപ ദിവസവേതന വ്യവസ്ഥയിൽ മുസ്ലിം, എൽ.സി/എ.ഐ എന്നീ വിഭാഗങ്ങളിൽ ഓരോ ഒഴിവുകളിലേക്കാണ് നിയമനം. പ്രായം 2023 ജനുവരി ഒന്നിന് 45 വയസ്സ് കവിയരുത്. പട്ടിക ജാതി, പട്ടിക വർഗ, പിന്നോക്ക വിഭാഗക്കാർക്ക് പ്രായപരിധിയിൽ നിയമാനുസൃത ഇളവു ലഭിക്കും.

സ്പെഷ്യൽ എജ്യുക്കേഷൻ(ഇൻറലക്ച്വൽ ഡിസബിലിറ്റി) യിൽ ബി.എഡ് ബിരുദവും ഏതെങ്കിലും അംഗീകൃത സ്ഥാപനത്തിൽ മാനസികവും ശാരീരികവുമായ വൈകല്യമുള്ള കുട്ടികൾക്ക് രണ്ടു വർഷത്തിൽ കുറയാതെ ക്ലാസെടുത്ത പരിചയവുമാണ് അടിസ്ഥാന യോഗ്യത.

താല്പര്യമുള്ളവർ വിജ്ഞാപനത്തോടൊപ്പമുള്ള അപേക്ഷാ ഫോറം പൂരിപ്പിച്ച് പ്രായം, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം, ജാതി, അധിക യോഗ്യത എന്നിവയുടെ സർട്ടിഫിക്കറ്റുകളുടെയും നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റിൻറെയും അസ്സലും പകർപ്പുകളും സഹിതം നാളെ(ജൂലൈ 21ന്) രാവിലെ 10ന് സർവകലാശാലാ അഡ്മിനിസ്ട്രേഷൻ ബ്ലോക്കിലെ എഡി.എ 5 സെക്ഷനിൽ ഹാജരാകണം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/837/2023)

## മെഡിക്കൽ ലാബ് ടെക്നോളജിസ്റ്റ്; താത്കാലിക നിയമനം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ബയോ സയൻസസിൽ മെഡിക്കൽ ലാബ് ടെക്നോളജിസ്റ്റ് തസ്തികയിൽ ഒരു വർഷത്തേക്ക് താൽക്കാലിക നിയമനത്തിന് വൈസ് ചാൻസലറുടെ ചേമ്പറിൽ നാളെ(ജൂലൈ 21) ഉച്ചകഴിഞ്ഞ് 3.30ന് വാക്ക്-ഇൻ ഇൻറർവ്യു നടത്തുന്നു.

പൊതു വിഭാഗത്തിലെ ഒരൊഴിവിലേക്കാണ് നിയമനം. പ്രായം 2023 ജനുവരി ഒന്നിന് 36 വയസ്സ് കവിയരുത്. സംവരണ വിഭാഗക്കാർക്ക് ഉയർന്ന പ്രായപരിധിയിൽ നിയമാനുസൃത ഇളവ് ലഭിക്കും. പ്രതിമാസ വേതനം സഞ്ചിത നിരക്കിൽ 20000 രൂപ.

ബി.എസ്.സി എം.എൽ.ടി ബിരുദവും പ്രവൃത്തി പരിചയവും ആണ് അടിസ്ഥാന യോഗ്യത.

താല്പര്യമുള്ളവർ വിജ്ഞാപനത്തോടൊപ്പമുള്ള അപേക്ഷാ ഫോറം പൂരിപ്പിച്ച് പ്രായം, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം, ജാതി, അധിക യോഗ്യത

എന്നിവയുടെ സർട്ടിഫിക്കറ്റുകളുടെയും നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റിൻറെയും അസ്സലും പകർപ്പുകളും സഹിതം നാളെ(ജൂലൈ 21) ഉച്ചഴിഞ്ഞ് 2.30ന് സർവകലാശാലാ അഡ്മിനിസ്ട്രേഷൻ ബ്ലോക്കിലെ എഡി.എ 5 സെക്ഷനിൽ ഹാജരാകണം. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/838/2023)

## താത്കാലിക അധ്യാപക നിയമനം; അഭിമുഖം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഡിപ്പാർട്ട്മെൻറ് ഓഫ് ലൈഫ് ലോംഗ് ലേണിംഗ് ആൻറ് എക്സ്റ്റെൻഷനിൽ ഗസ്റ്റ്/കരാർ ഫാക്കൽറ്റി നിയമനത്തിനുള്ള വാക്ക്-ഇൻ ഇൻറർവ്യു നാളെ(ജൂലൈ 21) ഉച്ചയ്ക്ക് 2.30ന് വകുപ്പ് ഓഫീസിൽ നടക്കും. 2023-2024 അക്കാദമിക വർഷത്തേക്ക് കരാർ വ്യവസ്ഥയിലാണ് നിയമനം. വർഷാന്ത്യ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ സേവനം രണ്ടു വർഷം ദീർഘിപ്പിക്കാൻ സാധ്യതയുണ്ട്.

എസ്.സി വിഭാഗത്തിൽ ഒന്നും ഒ.സി വിഭാഗത്തിൽ രണ്ടും ഒഴിവുകളിലേക്കാണ് നിയമനം.

യു.ജി.സി ചട്ടങ്ങൾപ്രകാരം യോഗ്യതയുള്ളവർക്കാണ് അവസരം. കോളജുകളിൽ നിന്നും സർവകലാശാലകളിൽനിന്നും വിരമിച്ചവരെയും പരിഗണിക്കും. പ്രായം 2023 ജനുവരി ഒന്നിന് 70 വയസിൽ കവിയരുത്.

യു.ജി.സി യോഗ്യതയുള്ളവർക്ക് പ്രതിദിനം 1750 രൂപ നിരക്കിൽ പ്രതിമാസം പരമാവധി 43750 രൂപയാണ് പ്രതിഫലം. യു.ജി.സി യോഗ്യതയുള്ളവരുടെ അഭാവത്തിൽ മറ്റുള്ളവരെയും പരിഗണിക്കും. ഈ വിഭാഗത്തിലുള്ളവർക്ക് പ്രതിദിനം 1600 രൂപയും പ്രതിമാസം പരമാവധി 40000 രൂപയുമായിരിക്കും പ്രതിഫലം.

താൽപര്യമുള്ളവർ അപേക്ഷാ ഫോറം ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് പ്രായം, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തിപരിചയം, ജാതി, നോൺ ക്രീമിലെയർ, അധിക യോഗ്യത എന്നിവയുമായി ബന്ധപ്പെട്ട രേഖകളുടെ അസ്സലും പകർപ്പുകളും സഹിതം അഭിമുഖ സമയത്തിന് ഒരു മണിക്കൂർ മുൻപ് തന്നെ എത്തിച്ചേരണം.

വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/839/2023)

## സ്പോട്ട് അഡ്മിഷൻ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആൻറ് ഡെവലപ്മെൻറ് സ്റ്റഡീസിൽ എം.എ ഗാന്ധിയൻ സ്റ്റഡീസ്, ഡെവലപ്മെൻറ് സ്റ്റഡീസ് കോഴ്സുകളിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. ഏതെങ്കിലും വിഷയത്തിൽ 45 ശതമാനം(പാർട്ട് 3) മാർക്കോടെ ബിരുദം ഉള്ളവർ അസ്സൽ സർട്ടിഫിറ്റുകളുമായി ജൂലൈ 21ന് വൈകുന്നേരം നാലിനു മുൻപ് നേരിട്ട് വകുപ്പ് ഓഫീസിൽ ഹാജരാകണം. പട്ടിക ജാതി,പട്ടിക വർഗ വിദ്യാർഥികൾക്ക് മിനിമം പാസ് മാർക്ക് മതിയാകും. ഫോൺ: 8075909754.

.....................

മൂലമറ്റം എസ്.ജെ.എ.എച്ച്.ഇ.ആർ കോളജിലെ 2023 അഡ്മിഷൻ ബി.പി.ഇ.എഡ്

കോഴ്സിൽ മാനേജ്മെൻറ് ക്വാട്ടയിൽ 22 സീറ്റുകൾ ഒഴിവുണ്ട്. ക്യാറ്റ് പ്രോസ്പെക്ടസ് പ്രകാരം യോഗ്യത ഉള്ളവർ ജൂലൈ 22ന് രാവിലെ 9.30ന് അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം കോളജ് ഓഫീസിൽ എത്തണം. അഡ്മിഷൻറെ ഭാഗമായുള്ള കായിക ക്ഷമതാ പരീക്ഷയും അന്നു നടക്കും. അപേക്ഷാ ഫീസ് ആയ 1300 രൂപ ഓൺലൈൻ ആയി MGU online payment gateway ലെ Fee From Department ഹെഡിൽ അടച്ച് ചെലാൻ സമർപ്പിക്കണം.

......................

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി പഠന വകുപ്പിൽ പി.ജി. കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിൽ പ്രവേശനത്തിനായി ജൂലൈ 24ന് വാക്-ഇൻ-ഇന്റർവ്യൂ നടത്തും.

എം.ടെക് നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി:ജനറൽ മെരിറ്റ്-7 സീറ്റുകൾ, എം.എസ്സി കെമിസ്ട്രി:ജനറൽ മെരിറ്റ് -7, എസ്.സി-2, എസ്.ടി-1, എം.എസ്സി ഫിസിക്സ്:ജനറൽ മെരിറ്റ്-6, എസ്.സി-2, എസ്.ടി-1 എന്നിങ്ങനെയാണ് ഒഴിവുകളുടെ എണ്ണം.

യോഗ്യരായ വിദ്യാർഥികൾ അസ്സൽ രേഖകളുമായി ജൂലൈ 24ന് രാവിലെ 10ന് കൺവർജൻസ് അക്കാദമിയ കോംപ്ലക്സിലെ വകുപ്പ് ഓഫീസിൽ(റൂം നമ്പർ 302) നേരിട്ട് എത്തണം. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ(www.mgu.ac.in). ഫോൺ-9447712540

.........................

എം.ജി സർവകലാശാലയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മൾട്ടി ഡിസിപ്ലിനറി പ്രോഗ്രാംസ് ഇൻ സോഷ്യൽ സയൻസസിലെ സോഷ്യൽ സയൻസ് പഞ്ചവത്സര ഇന്റഗ്രേറ്റഡ് മാസ്റ്റേഴ്സ് പ്രോഗ്രാമിൽ ഒഴിവുള്ള സീറ്റുകളിലേക്ക് നാളെ(ജൂലൈ 21) വാക്ക്-ഇൻ-ഇൻറർവ്യൂ നടക്കും.

പട്ടികജാതി/പട്ടിക വർഗ, ഈഴവ/തിയ്യ/ബില്ലവ, മറ്റ് പിന്നാക്കക്കാർ എന്നീ വിഭാഗങ്ങളിൽപെട്ടവർക്കാണ് അവസരം. 60 ശതമാനം മാർക്കോടെ പ്ലസ് ടൂ വിജയിച്ചവർക്ക് പങ്കെടുക്കാം. പട്ടികജാതി, പട്ടിക വർഗ വിഭാഗക്കാർക്ക് പ്ലസ് ടൂവിന് 45 ശതമാനം മാർക്ക് മതി.

യോഗ്യരായവർ രേഖകളുടെ അസ്സലുമായി നാളെ രാവിലെ പത്തിനും പതിനൊന്നിനുമിടയിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫീസിൽ എത്തണം. ഫോൺ: 9717039874, ഇ മെയിൽ: impss@mgu.ac.in

..............................

എം.ജി. സർവകലാശാലയിലെ സ്കൂൾ ഓഫ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് റോബോട്ടിക്സ് വകുപ്പിൽ എം.എസ്സി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് മെഷീൻ ലേണിംഗ് കോഴ്സിൽ പട്ടിക വർഗ വിഭാഗത്തിൽ ഒഴിവുള്ള ഒരു സീറ്റിൽ ജൂലൈ 24ന് സ്പോട്ട് അഡ്മിഷൻ നടത്തും.

യോഗ്യരായ വിദ്യാർഥികൾ അസ്സൽ രേഖകളുമായി ഉച്ചയ്ക്ക് ഒരു മണിക്കു മുൻപ് കൺവർജൻസ് അക്കാദമിയ കോംപ്ലക്സിലെ വകുപ്പ് ഓഫീസിൽ(റൂം നമ്പർ 514) എത്തണം. ഫോൺ: 9895459052, 9605295506

...............................

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ നടത്തുന്ന റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ അംഗീകരിച്ച എം.എ(എസ്.ഡബ്ല്യു.ഡി.എസ് ആൻറ് എ) 2023-24 ബാച്ചിൽ പട്ടിക ജാതി വിഭാഗത്തിൽ പെട്ടവർക്ക് സംവരണം ചെയ്യപ്പെട്ടവ ഉൾപ്പെടെ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. താത്പര്യമുള്ളവർ അസൽ യോഗ്യതാ സർട്ടിഫിക്കറ്റുകളുമായി ജൂലൈ 21ന് രാവിലെ 11ന് മുൻപ് വകുപ്പ് ഓഫീസിൽ എത്തണം.

……………………………

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസിൽ എം.ടെക് എനർജി സയൻസ് ആൻഡ് ടെക്നോളജി പ്രോഗ്രാമിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. താത്പര്യമുള്ളവർ അസൽ യോഗ്യതാ സർട്ടിഫിക്കറ്റുകളുമായി ജൂലൈ 24ന് രാവിലെ 10ന് വകുപ്പ് ഓഫീസിൽ(റൂം നം. 302, കൺവെർഡൻസ് അക്കാദമിയ കോംപ്ലക്സ്) എത്തണം. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ. ഫോൺ: 7736997254

(പി.ആർ.ഒ/39/840/2023)

## സബ് സെൻറർ അനുവദിച്ചു

ഇന്ന്(ജൂലൈ 20) തുടങ്ങുന്ന പ്രൈവറ്റ് രജിസ്ട്രേഷൻ നാലാം സെമസ്റ്റർ ബി.എ, ബി.കോം(സി.ബി.സി.എസ് - 2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2017-2020 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷകൾക്ക് സബ് സെൻറർ അനുവദിച്ചു. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ. വിദ്യാർഥികൾ രജിസ്റ്റർ ചെയ്ത സെൻററിൽ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി അനുവദിക്കപ്പെട്ട പരീക്ഷാ കേന്ദ്രത്തിൽ പരീക്ഷ എഴുതണം.

(പി.ആർ.ഒ/39/841/2023)

## പരീക്ഷാ കേന്ദ്രം മാറ്റി

ഇന്ന്(ജൂലൈ 20) ആരംഭിക്കുന്ന നാലാം സെമസ്റ്റർ പ്രൈവറ്റ് രജിസ്ട്രേഷൻ ബി.എ, ബി.കോം(സി.ബി.സി.എസ് - 2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2017-2020 വരെ അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷകൾക്ക് കട്ടപ്പന ഗവൺമെന്റ് കോളജിൽ രജിസ്റ്റർ ചെയ്തവരിൽ സപ്ലിമെന്ററി പരീക്ഷ എഴുതുന്ന ഏതാനും വിദ്യാർഥികളുടെ പരീക്ഷാകേന്ദ്രം ലബ്ബക്കട ജെ.പി.എം ആർട്ട്സ് ആൻഡ് സയൻസ് കോളജിലേക്ക് മാറ്റി. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/842/2023)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

ഓഗസ്റ്റ് ഏഴിന് തുടങ്ങുന്ന ഏഴാം സെമസ്റ്റർ ബി.ആർക്ക്(2019 അഡ്മിഷൻ റഗുലർ) പരീക്ഷകൾക്ക് ജൂലൈ 25 വരെ പിഴയില്ലാതെ ഫീസ് അടച്ച് അപേക്ഷിക്കാം.

ജൂലൈ 26ന് പിഴയോടു കൂടിയും ജൂലൈ 27ന് സൂപ്പർ ഫൈനോടു കൂടിയും

അപേക്ഷ സ്വീകരിക്കും. പരീക്ഷാഫീസിനൊപ്പം 270 രൂപ സി.വി ക്യാമ്പ് ഫീസ് അടയ്ക്കണം.

(പി.ആർ.ഒ/39/843/2023)

## പ്രാക്ടിക്കൽ

എട്ടാം സെമസ്റ്റർ ബി.എച്ച്.എം - ജൂൺ 2023(2019 അഡ്മിഷൻ റഗുലർ, 2015-2018 വരെ അഡ്മിഷനുകൾ സപ്ലിമെൻററി, 2013,2014 അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷയുടെ ജൂലൈ 18ലെ മാറ്റി വച്ച പ്രാക്ടിക്കൽ പരീക്ഷകൾ ഇന്നു(ജൂലൈ 20) മുതൽ 22 വരെ നടക്കും. പരീക്ഷാ കേന്ദ്രത്തിൽ മാറ്റമില്ല. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

......................

നാലാം സെമസ്റ്റർ എം.എസ്.സി ഫുഡ് ടെക്നോളജി ആൻറ് ക്വാളിറ്റി അഷ്വറൻസ് - ജൂലൈ 2023(സി.എസ്.എസ് - 2021 അഡ്മിഷൻ റഗുലർ, 2019,2020 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 24 മുതൽ അതത് കോളജുകളിൽ നടക്കും.

(പി.ആർ.ഒ/39/844/2023)

## പരീക്ഷാ ഫലം

കഴിഞ്ഞ മാർച്ചിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്.സി മോളിക്യുലാർ ബയോളജി ആൻറ് ജെനെറ്റിക് എൻജിനീയറിംഗ്(പി.ജി.സി.എസ്.എസ് - 2021 അഡ്മിഷൻ റഗുലർ, 2019,2020 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂലൈ 31 വരെ ഓൺലൈനിൽ ഫീസ് അടച്ച് അപേക്ഷിക്കാം.

.....................

കഴിഞ്ഞ മാർച്ചിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എ ഇക്കണോമിക്സ്(2021 അഡ്മിഷൻ റഗുലർ, 2019,2020 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂലൈ 31 വരെ ഓൺലൈനിൽ ഫീസ് അടച്ച് അപേക്ഷിക്കാം.

.....................

ഏപ്രിൽ മാസം നടത്തിയ രണ്ടാം സെമസ്റ്റർ എം.പി.ഇ.എസ്(2021 അഡ്മിഷൻ റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷ ഫീസ് അടച്ച് ജൂലൈ 31 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം.

(പി.ആർ.ഒ/39/845/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**